ॐ

# ശ്രീധര പരിദേവനം

പ്രസാധകർ

സാധുഗോപാലസമാജം

കൃഷ്ണപുരം

Malayalam

ശ്രീധര പരിദേവനം

Published by
Sadhu Gopala Samajam
Krishnapuram, Kayamkulam P.O

Printed by
Priyadarsini Printers
Puliyoor, Chengannur

No. of Copies 501
Copy Right reserved

1984 ആഗസ്റ്റ് 1
1159 കർക്കടകം 17



സാധു ചൂളൂർ
ആർ. ശ്രീധരൻനായർ

ഓം

ശ്രീധര പരിദേവനമെന്നയീവേദാന്ത കഥനങ്ങൾ ജിജ്ഞാസുക്കൾക്കു വേണ്ടി, തന്നെ തന്നെ കരുവാക്കി ശ്രീ. ശ്രീധരൻ നായർ സ്വാമികൾ സ്വാനുഭവത്തെ കഥിച്ചിട്ടുള്ളതാണ്.

ഇതിലേ സത്യങ്ങൾ ആരാഞ്ഞും പഠിച്ചും അനുഭവിച്ചും പ്രാപ്യത്തിലെത്തുക അഥവാ മിഥ്യയെ കടക്കുക സാദ്ധ്യമെന്നു തോന്നുകയാൽ ഞങ്ങൾ ഈ കൃതിയെ എല്ലാവർക്കുമായി പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

ഓം തത് സത്

പ്രസാധകർ
ശ്രീ സാധു ഗോപാല സമാജം
കൃഷ്ണപുരം, കായംകുളം

ഭഗവാൻ ശ്രീ ഗോപാലപിള്ള സ്വാമികളുടെ 85-ാംജന്മദിനമായ 1984 ആഗസ്റ്റ് 1 (1159 കർക്കിടകം 17)-ാംനു- പ്രസിദ്ധീകരിക്കുന്നു.

ഓം

# ശ്രീധര പരിദേവനം

## അവതാരിക

ഭാഷാ ശുദ്ധിയോ
കേവല ഭാഷയോ
ഇല്ലാതെ പറഞ്ഞു
പടച്ചതാമീ വാചം-
കങ്ങളം തെററികളം
നിറഞ്ഞതാം കററി
ക്കാടതു പോലെ
വൃത്തിയററതായീടാം

വൈദികരുപേക്ഷിച്ചോർ
പണ്ഡിതർ വെടിഞ്ഞവർ,
വേദാന്തമറിയാത്തോർ,
ആഗ്രഹമകന്നവർ,
നിരാശ ബാധിച്ചവർ,
എന്തിനുപറയുന്നു
മററു യാതൊരു
മാർഗ്ഗവുമില്ലാത്തവർ,
ഇങ്ങനെയുള്ളവരാരാനു
മുണ്ടെന്നാകിൽ

എനിക്കെന്നതുപോലെ
പങ്കുചേർന്നീടാം
അല്ലാത്തോർക്കാ
ശാവല്ലികാക്കo–
വാനുണ്ടായീടാം
ആയതു രക്ഷിക്കട്ടെ.
ഭാഷയെ നോക്കീടല്ലെ
പൊരുളേയിതിനുള്ള
'ക്രാ' നും 'ങ്യാ' നും കരഞ്ഞു
വിശപ്പുപറയുന്ന
ആഗ്രഹമറിയിപ്പുന്നു.
അതുപോലെൻ ദേവനം
അവ്യക്തഭാഷയെന്നാലും
ആശയമേകീടുന്നു.
ആയതുകേൾക്കുന്നോർക്കോ
ദുഃഖമങ്ങഖിലംതീരും
ആയതുസത്യം തന്നെ
ഭാഷയതെന്തെന്നാലും
ആയതു സത്യം സത്യം.

ജന്മമങ്ങവനില്ല
ജന്മവാനല്ലായ്കയാൽ
പ്രാരബ്ധമവനില്ലാ
മുൻ ജന്മമില്ലായ്കയാൽ
ബ്രഹ്മചാരിയാമവൻ

ഗൃഹസ്ഥനായീടേണ്ടാ
പേടിച്ചിട്ടൊരു നാളും.

ബ്രഹ്മത്തിൻ ചര്യയുള്ളോൻ
ബ്രഹ്മചാരി താനല്ലോ
തോന്നിപ്പോയാദ്യ
തോന്നലിനപ്പുറം
തോന്നീടേണ്ടാ
തോന്നിച്ചവിഷ
വല്ലി പിഴുത–
ങ്ങെറിഞ്ഞീടാം

ഓം തത് സത്

**ആർ. ശ്രീധരൻനായർ**

ഓം

# ശ്രീധര പരിദേവനം

ശ്രീഗുരോ! ശ്രീഗുരോ!
ശ്രീഗുരോ! ശ്രീഗുരോ!
ശ്രീഗുരോ! നീയല്ലാതാരെനിക്ക്

ഞാനായിരിപ്പതും
നീയായികാൺമതും
ഞാനാകുമാത്മാവാം
ഏകൻ താനെന്നതും
ദൃഢമായിട്ടാരാ–
ണറപ്പിച്ചതന്നത്
ആയതാണെൻഗുരു
ബോധാമൃതപയസ്

ദൈവമേ! ദൈവമേ!
ദൈവമേ! ദൈവമേ!
ദൈവമേ! നീയല്ലാതാരെനിക്ക്
ബോധസ്വരൂപാനീ
ബോധാമൃതമായ
ഞാനായിട്ടല്ലാതെ
ആരാണ്ടു.

ഈശ്വര! ഈശ്വരാ!
ഈശ്വരാ! ഇശ്വരാ!
ഈശ്വരാ! നീയല്ലാതാരെനിക്ക്

സന്തോഷ ദുഃഖങ്ങൾ
ആർദ്രമായ് തീർന്നിട്ട-
ങ്ങാനന്ദമാത്രമാം
ഞാനായിട്ടല്ലാതെ
ആരുകണ്ടു

ബ്രഹ്മമേ! ബ്രഹ്മമേ!
ബ്രഹ്മമേ! ബ്രഹ്മമേ!
ബ്രഹ്മമേ! നീയല്ലാതാരെനിക്ക്

ആനന്ദബാഷ്പം നി-
റവുറ്റൊഴുക്കിയും
ദേഹത്തെവിട്ടങ്ങു
ഭൂമാവായ്നിൽക്കയും
ദേഹിബോധംപോക്കി
സാക്ഷിയായ്നിൽക്കാനും
സാക്ഷിയും വിട്ടങ്ങു
ചിത്തായിരുപ്പാനും
ബോധസ്വരൂപമാം
ബ്രഹ്മത്തിനല്ലാതെ
പ്രതിബിംബശക്തി
കൾക്കാർക്കുപററും

അഴിഞ്ഞഴിഞ്ഞങ്ങ്
അളവററഴിഞ്ഞീടും
ബോധമായല്ലാതെ
യാരുകാണും.
ഉറഞ്ഞുറഞ്ഞങ്ങ്
ഉള്ളായുറഞ്ഞീടും
ആത്മാവേയല്ലാതെ
യാരുകാണും.

ബന്ധമോ മോക്ഷമോ
നിന്നെ ബാധിക്കുമോ
എൻഗുരുവാക്യ
മലതല്ലുമ്പോരം

പേരിമ്പസാഗരം
പൊങ്ങി മലർക്കുമ്പോരം
ബന്ധമോക്ഷകപ്പ-
ലെങ്ങുകാണും

സങ്കൽപിക്കാതിരുന്നാൽ
സംസാരമില്ലെന്നാകും
സങ്കൽപിക്കാതിരുന്നാൽ
സംസാരമില്ലെന്നാകും
സംസാരമില്ലെന്നാകും
സംസാരമില്ലെന്നാകും

**ഓം**

ദേഹരൂപങ്ങളെ
നീ വെടിഞ്ഞീടുമ്പോഴും
മാനുഷരൂപികളും
നിന്നേംവെടിഞ്ഞുപോം

ആത്മാവുതന്നെയായ്
നിൽക്കുകയല്ലാതെ
മറ്റൊരുമാർഗ്ഗവു
മോർത്തിടൊല്ലേ

ആനന്ദബാഷ്പവും
തൂകിനീ മെല്ലവേ
ഭാരതമൊട്ടുക്കു
സഞ്ചരിക്കൂ

അല്ലേലൊക്കുന്നിട
ത്തെല്ലാം സഞ്ചരിക്കു
ജീവനായ് നിന്നാലു
മല്ലെന്നു വന്നാലും
ഏകകാനന്ദമ
മാതാവിന്നു
മറ്റൊരാശ്രയ
മേതിക്കാത്ത സങ്കട

മേററു സഹിക്കുമ
മ്മാതാവിന്നു്
നിൻമനോ നൈമ്മല്ല്യം
ലെങ്കിലുമെൻകുഞ്ഞേ
തെല്ലൊരാശ്വാസം
പകർന്നു കൊടുക്ക നീ

നിൻ പിഞ്ചു കുഞ്ഞു
ങ്ങൾക്കൊന്നത്രേ
ശേഷിപ്പൂ
നിർമ്മലഹൃത്തല്ലാ
തെന്തുമററു്

നിർമ്മല ഹൃത്തല്ലാതെന്തുമററു്
നിർമ്മല ഹൃത്തല്ലാതെന്തുമറർ്
നിർമ്മല ഹൃത്തല്ലാതെന്തുമററു്

●○○○○○○○○○○●○

ഓം

അണുവായണുവായ്
അണുവിനുമണുവായ്
സൂക്ഷ്മത്തിൽ സൂക്ഷ്മമായ്
അഖണ്ഡരസമായി
ആനന്ദമാത്രമായി
അറിയുമറിവായി
ഞാനായഞാനായി
തന്നുകൊള്ളുന്നു ഞാൻ
ഈശ്വരാ നിൻചേഷ്ട
അത്ഭുതാലത്ഭുതം

---

ഓം

ആദിക്കുമാദിയിൽ
ശ്രീധരനുണ്ടുപോൽ
ബിംബത്തെവിട്ടേണ്ട
ശ്രീധരൻ പോകേണ്ട
ബിംബമാണീ ഇവൻ
പ്രതിബിംബമല്ലിവൻ

സൂര്യനെ നോക്കി നീ
ധ്യാനിക്ക വേണ്ടെടോ
സൂര്യനായിട്ടങ്ങു
ധ്യാനമുറപ്പിക്ക

ബ്രഹ്മത്തെ ഉന്നിനീ
ധ്യാനിക്കവേണ്ടെടോ
ബ്രഹ്മമായിട്ടങ്ങു
ധ്യാനമുറപ്പിക്ക

ലയിപ്പിച്ചീടുവാൻ
ഒന്നുമേയില്ലെടോ
മാററിമറിക്കാനും
മറെറാന്നുമില്ലെടോ

ബ്രഹ്മമല്ലാതൊന്നു
മാദിയിലില്ലെടോ
ബ്രഹ്മത്തെ വിട്ടൊന്നും
വേറായിട്ടില്ലെടോ

ദേശവു കാലവും
ബ്രഹ്മത്തിനില്ലെടോ
ആദിയുമന്തവും
ബ്രഹ്മത്തിനില്ലെടോ

ഭൂതകാലമത്തു
പൊയ്പോയതില്ലിപ്പോൾ
ഭാവികാലമൊട്ടു
വന്നതുമില്ലെടോ
വർത്തമാനത്തിനെ
ഇല്ലാത്തഭൂതവും
ഭാവിയും തിന്നുപോയ്
കാലമേ നിൻജലം
കാനലിലാണെടോ
ജാഗരകാലമേ
ലോകർക്കുസമ്മതം
സ്വപ്നമോനിന്നിപ്പൂ
ജാഗരകാലത്തെ
ജാഗരത്തിങ്കലേ
നൂറുനൂറുവർഷം
അൽപ്പനേരംകൊണ്ടു
കാട്ടുന്നതില്ലയോ
ജാഗരസ്വപ്നത്തി
ലേൽക്കുന്നദുഃഖങ്ങൾ
എപ്പോഴുംപോക്കുമേ
പാരംസുഷുപ്തികേൾ
കാലവുമില്ലതിൽ
ദഃഖവുമില്ലെല്ലോ
പാരംസുഖദതാൻ
സൗഷുപ്തമണ്ഡലം

കാലത്തെപോക്കിനീ
ദേശത്തെനോക്കുകിൽ
ദേശവുമില്ലതിൽ
കാലം പോൽശൂന്യംതാൻ
സുഷുപ്തികാലമതിൽ
ദേശമിങ്ങെങ്ങെടോ
മിഥ്യയെന്നുള്ളപേ
രനവർത്ഥമാണെടോ
ഉള്ളിന്നുമുള്ളിലായ്
ആത്മാണുവുണ്ടുപോൽ
ആയതിന്നുള്ളംപു–
റവുമില്ലെങ്ങുമേ
ഈശ്വരാ നിൻചേഷ്ട
അത്ഭുതാലത്ഭുതം

ഓം

ബ്രഹ്മവും വിശ്വവും
രണ്ടായിട്ടുണ്ടോടോ
ബ്രഹ്മത്തിനാദിയു
മന്തവുമില്ലെല്ലോ
വിശ്വത്തിനാദിയും
അന്തവുമെങ്ങെടോ
ദേശത്തെനോക്കുകിൽ
അന്തമില്ലെങ്ങുമേ
കാലത്തിനുമില്ല
യാദ്യന്തമോർക്കെടോ
ബ്രഹ്മത്തിൽവിശ്വവും
വിശ്വത്തിൽബ്രഹ്മവും
അന്യോന്യപൂരക
മെന്നുതോന്നീടുമേ
ബ്രഹ്മവുംവിശ്വവും
ഒന്നെന്നുചൊല്ലാനും
കാരണമീയിതാൺ
ബ്രഹ്മവുംവിശ്വവും
വേർതിരിക്കുന്നതേ
വിവേകമോർക്കനീ
വിശ്വത്തെകാണുകിൽ
ദുഃഖമുണ്ടാകുമേ
വിശ്വമുണ്ടെന്നാകിൽ

ബന്ധവുമുണ്ടെല്ലോ
വിശ്വത്തെവീക്ഷിച്ചാൽ
മായയുംകാണുമേ
വിശ്വത്തെക്കാണുകിൽ
ബ്രഹ്മംമറയുമേ
ബ്രഹ്മവുംവിശ്വവും
ഒന്നിച്ചുനിൽക്കുമോ
പാമ്പിനെകാണുകിൽ
കയറുകാണുമോ
കയർകണ്ടീടുകിൽ
പാമ്പിനെകാണുമോ
പാമ്പിനെകാണുവാൻ
സംഭ്രാന്തിവേണമേ
കയർകാണുന്നേരം
സംഭ്രാന്തിതീർന്നുപോം
വിശ്വമൊടുങ്ങിയാൽ
മായയൊടുങ്ങുമേ
വിശ്വവിലക്ഷണ
മാണെല്ലോബ്രഹ്മവും
ബ്രഹ്മമായ്നിന്നെന്നാൽ
ദുഃഖമേകാണില്ല
സൂര്യനുദിച്ചെന്നാൽ
കൂരിരുട്ടുംകാണുമോ
ഇതുകരുതിയുറച്ചങ്ങാ
ത്മമാത്രൈകവാനായ്

നിയതമിരുപ്പുറപ്പിച്ചീ
ട്ടകെന്നാത്മദേവാ!

സങ്കൽപ്പത്താൽമറഞ്ഞപ്പൊ
ളുതുപിടിവിട്ടെന്നു
തോന്നിച്ചതോന്നൽ ശിവ: ശിവ:
ശൂന്യമായേശരത്
കാലത്തുകാണുംവെള്ളമേ
ഘലം കണക്കേലെയിച്ചേ

ജയ! ജയ! ഭാസുര
ജാഗരശൂന്യാ
ജയ! ജയ! ഭാസുര!
സ്വപ്നവിഹീനാ
ജയ! ജയ! ഭാസുര
നിദ്രവിഹീനാ
ജയ! ജയ! ഭാസുര
ബോധസ്വരൂപാ
ജയ! ജയ! ഭാസുര
ആത്മസ്വരൂപാ
ജയ! ജയ! ഭാസുര
നിർവിശ്ശേഷാ

ഓം

മാനുഷനായ് ജനിച്ചെന്നുതോന്നിയാൽ
ബ്രഹ്മമാണെന്നുറച്ചു നിന്നീടണം
ആഗ്രഹത്തിൻെറ വേരറുത്തീടണം
ബ്രഹ്മം എല്ലാംനിറവുററതാകയാൽ
ആഗ്രഹത്തിന്നവകാശ മെങ്ങെടോ
ആഗ്രഹത്തെ നിരോധിച്ചു നീയെങ്കിൽ
ആ അവസ്ഥയെകാട്ടുന്നതുണ്ടുഞാൻ
പിഞ്ചുകുഞ്ഞുങ്ങൾരാമനാമജപേ
മാനസലയം സംഭവിച്ചീടുന്ന
സാധുകുഞ്ഞതറിയുന്നതില്ലേലും
രാമ! രാമ! എന്നവ്യക്തമുച്ചരിച്ച്
ആടിആടിയുറങ്ങുന്നതില്ലയോ
ആയതുപോലെയാനന്ദമേറുമേ
ആയതൊട്ടുമേ കീർത്തിപ്പതില്ലാരും
ആയതിലാത്മഹത്യയിരിക്കയാൽ
ആനന്ദമാത്രമാണെന്നിരുന്നാലും
ആത്മാവേഅറിയുന്നതില്ലൊട്ടുമേ
അറിയുമറിവാണാത്മാവെന്നാകിലും
അറിയുന്നതായറിയുന്നതില്ലവർ
ആയതുപോക്കി അറിയുമറിവാക
യാണുവേണ്ടതെന്നോർത്തീടുകെല്ലാരും
ആഗ്രഹത്തെ നിരോധിക്കുന്നതോടൊപ്പം
ആത്മാതാനെന്നറികയും വേണമേ
ആഗ്രഹത്തെജയിച്ചപുരുഷന്ന്
ക്ഷിപ്രസാധ്യമേ തത്വജ്ഞാനോദയം
വാസനകൾ തനിയേകടക്കുമേ
ആത്മവസ്തുള്ളടയാളമാണിവ.

ജ്ഞാനമാർഗ്ഗികളെ
ന്നു ചൊല്ലിക്കൊണ്ടു
കണ്ണടച്ചങ്ങിരു
ട്ടാക്കരുതെടോ

സർവജ്ഞനെന്നു ചൊ
ല്ലിനടന്നെന്നാൽ
വല്ലറിവും വിശേ
ഷാൽലഭിക്കുമോ

മാനസത്തിന്നടി
മയായിക്കൊണ്ടു
പാരിടത്തെ ദുഷി
പ്പിക്കരുതെടോ

സർവ്വജ്ഞത്വമറി
യേണമെങ്കിലോ
അന്തര്യാമിത്വംകൈ
വരുത്തീടണം

സർവ്വവ്യാപകംകൊ
ണ്ടു പൂരിപ്പിച്ചു
സർവ്വശക്തിത്വം കൈ
വരുത്തിക്കൊണ്ടു
സംശയത്തിൻെറ വേരു
റുത്തീടണം

വെള്ളംവററിക്കട്ടെ
ങ്ങന്നതേങ്ങപോൽ
ഭാവികാലംപരി
ഹരിച്ചീടണം

എങ്കിലുംമൊന്നുചൊ
ല്ലുന്നതുണ്ട ഞാൻ
സൂര്യനാവിർഭവി
പ്പതിനായിട്ട്
ഇരുട്ടുത്തെങ്ങോ
പോക്കേണ്ടതുണ്ടോ
സർവ്വജ്ഞത്വം പൊടി
ഞ്ഞുപോയിട്ടില്ല
സർവജ്ത്വം പര
ബ്രഹ്മമാകയാൽ
ആയതിനെയറി
യില്ലറിവുകൾ

അല്പജ്ഞത്വത്തേത്തു
ത്തുകളയേണ്ട
സർവജ്ഞത്വംപ്രകാ
ശിച്ചുകൊള്ളവാൻ
നിശ്ചയത്തിനു ദാർ
ഢ്യംകൊടുക്കനീ
വൈപരീത്യംവരാ
തിരുന്നീടുവാൻ

സംശയം വിപരീ
തത്തിൻ താങ്ങലാ
ണായതോർത്തു മട
ങ്ങുകതിൽ നിന്നു്
ഇങ്ങനെല്ലാം സുചി
ന്തിതം ശിക്ഷിതം
അങ്ങറിയാതറി
യുക ബ്രഹ്മത്തെ
അന്യധാത്വമതി
നില്ല ശ്രീധരാ
മന്യുഭാവവുമൊ
ട്ടുമതിനില്ല
ശാന്തിയങ്ങുവിള
ങ്ങിവെട്ടീടുമ്പോഴും
സ്വപ്രകാശമേകാ
ണുള്ള ശ്രീധരാ.

○○○○

ഓം

കള്ളക്കാഷായം വ
ന്നഛമെഞ്ഞെന്നാൽ
തള്ളിമാററുകവേ
ണമേയുക്തിയാൽ
ഈയിവൻവന്നവീ
ണതെന്നെങ്ങിനെ
രൂപമെങ്ങിനെ
ശബ്ദാതിയെങ്ങിനെ
എങ്ങിനെ ജഗത്തു
ണ്ടായി വീണെന്നും
ആയതിന്നുള്ളകാ
രണമായത്തും
കാരണത്തിൻെറ
കാരണമായത്തും
ചിന്തചെയ്ത്തുതിരി
ച്ചറിഞ്ഞീടണം
ആയതിന്നുശ്രുതി
യുക്തിബുദ്ധിയും
ആവുവോളംനിറ
ച്ചുകൊട്ടക്കണം
ആരുടേയോപതി
ത്വമെന്നാക്കിയാൽ
ആയത്തുപരിണാ
മമായീടുമേ
ആയതിനുള്ളകാ
രണം കാണണം

രണ്ടാമതായൊരു
വസ്തുവില്ലായ്കയാൽ
പരിണാമ മങ്ങു
സംഭാവ്യമല്ലെടോ
സംഭ്രാന്തിയാണെന്നു
വരുത്തിയെന്നാകിൽ
വിവർത്തവാദത്തെ
സമ്മതിച്ചീടണം
അങ്ങനെവന്നെന്നാൽ
ഭ്രാന്തനുണ്ടാകണം
ഭ്രാന്തൻകാര്യവും
സൽപുമാൻകാര്യവും
മുമ്പിനാൽ വേണമേ
ദൃഷ്ടാന്തമൊട്ടേറെ
യുണ്ടെന്നിരിക്കിലും
ബ്രഹ്മത്തിനുണ്ടോനി
റക്കേടുപററുന്നു
മായയെന്നുള്ളോരു
വിഭ്രാന്തിയുണ്ടുപോൽ
ചിൽപുമാനായതിൽ
നിഴലിച്ചുനിന്നു
ലോകങ്ങളെല്ലാമേ
ആക്കിമറയ്ക്കുന്നു
ചിൽപുമാനേതെടോ
മായയെന്നേതെടോ
കാണുന്നതാരെടോ

വിവർത്തമാർക്കെടോ
അദ്വൈതമെങ്ങടോ
ബ്രഹ്മമായ്നീയങ്ങ
റിഞ്ഞുനിന്നീടുകിൽ
കാണുമോമായയേ
ഓർത്തുനോക്കീടെടോ
ആവശ്യമുള്ളവ
നേയുള്ളചിൽപുമാൻ
ആവശ്യമില്ലെങ്കി
ലില്ലെടോമായയും
ആവശ്യമന്യന്റെ
കൈവശമല്ലെടോ
ആവശ്യമെപ്പൊഴും
തൻകയ്യിലാണെടോ
ആവശ്യമെല്ലാമൊ
ഴിഞ്ഞുനിന്നീടെടോ
ആവശ്യമെല്ലാമൊ
ഴിഞ്ഞുനീയെന്നാകിൽ
ആഗ്രഹത്തിനുള്ള
വകാശമെന്തെടോ
ആവശ്യംമാററീട്ട്
ആഗ്രഹംപോയെങ്കിൽ
ചിന്തനത്തിനുള്ള
സ്ഥാനമിങ്ങെങ്ങെടോ
ഇങ്ങനെചിന്തിച്ചു
റച്ചതിധീരനായ്
ബോധോദയംകണ്ടു
സന്തുഷ്ടനാകെടോ

XOOOX

**ഓം**

ഏത്രഏറെ പഠിച്ചെന്നുവന്നാലും
യുക്തികൊണ്ടുമഥിച്ചുവെന്നാകിലും
കാനലങ്ങതിൽകണ്ടജലംപോമോ
ആയതിന്നു നീ എന്തുകഥിക്കുമോ

ദൃഷ്ടിദോഷം ഭവിപ്പതിന്നാരെടോ
ഉത്തരം പറഞ്ഞീടേണ്ടതോക്കെടോ
അംബുജാക്ഷനായ് തീർന്നുവെന്നാകിലേ
ദൃഷ്ടിദോഷമകലുനിനക്കെടോ

പത്മമങ്ങു വിലസിതെളിഞ്ഞെന്നാൽ
ആർക്കുകാണുമാദൃഷ്ടിദോഷം എടോ
ഏകമേകമായ്കാണുവാനുമെടോ
ബോധമെങ്ങും നിറഞ്ഞുകണ്ടീടാനും

പത്മലോചനനല്ലാതൊരുത്തനും
സാധ്യമല്ലെന്നറികനീശ്രീധരാ
പത്മലോചനം നന്നായ്തുറന്നെന്നാൽ
പ്രാണനൂർദ്ധ്വഗതിയതിലെത്തുമേ

സുന്ദരങ്ങളാം യോഗധ്വനിയോടും
ഫൂൽക്കാരമങ്ങുദേഹം ഭരിക്കുമേ
നിഷ്പ്രയാസമായ് ലോകംജയിക്കുവാൻ
താങ്ങലാണതു് നിത്യമെന്നോർക്കണം

ശബ്ദബ്രഹ്മം കടക്കാതൊരുത്തനും
ലക്ഷണബ്രഹ്മമെത്തുകിട്ടില്ലെടോ

ശ്രീധരാനിനക്കാത്മാവതല്ലാതെ
ആരുമാശ്രയമില്ലെന്നറികനീ

സാധുക്കൾക്കു ശരണവുംശക്തിയും
ശ്രീഗുരുതന്നുപദേശമോർക്കെടോ
ശ്രീഗുരുവും മഹേശനും ശിഷ്യനും
ഏകമെന്നതേ സത്യമറികടോ

പററുതലററബോധമത്രേചിത്ത്
ബാധ്യതയററുനിൽപ്പതാനന്ദവും
ഇങ്ങനെല്ലാമറിഞ്ഞുറച്ചീടുകിൽ
വന്നുകൂടീടും മുക്തിഇന്നേവർക്കും

oooooooooo

—ooo—

**ഓം**

ഒട്ടപോലുമേ കരടുകാണാത്ത
നൽപ്രകാശത്തെ ഓർക്കടോ
കട്ടിക്കണ്ണാടിതന്നിലൂടത്ത്
നിഷ്പ്രയാസംകടക്കുമേ
ദൃഢതയേറുമിരുമ്പുകട്ടിയിൽ
കടന്നുകൂടികടക്കുമേ
പുഷ്പത്തേക്കാളും കട്ടിയില്ലാത്ത
സൂക്ഷ്മമാമഗ്നിദേവനും
സൂക്ഷ്മമാമതിസൂക്ഷ്മമായിടും
ബോധമെന്തേകുഴയുന്നു
ദേഹമാംകൂട്ടിലടച്ചുപൂട്ടിയോ
ബോധമെന്തേകുഴങ്ങുന്നു
രശ്മി പാഞ്ഞിടും നേരംകണ്ണാടി
വീണ്ടുംബാക്കിയായ്നിൽക്കുമേ
അപ്പോലെതന്നെ ബോധംപായുമ്പോൾ
ദേഹം ബാക്കിയായ്നിൽക്കുമേ
ദേഹം ബാക്കിയായ് കാണാതാകുവാൻ
മാർഗമുണ്ടെന്നതോർക്കനീ
ദേഹംപോക്കും സമാധികൊണ്ടുനീ
ദേഹമററൊരു ബോധത്തെ
സഹജമാക്കിയെടുക്കണം, നിജ
സ്ഥിതിയതുകൊണ്ടുവന്നെന്നാൽ
വിദേഹനായി നടക്കുമേ
വസനമായതഴിഞ്ഞുവെന്നാലും
ഉടുത്തുമല്ലാതേം നടക്കുമേ
ആരറിയുമീയത്ഭുതാവസ്ഥ
ശങ്കരാ ശിവശങ്കരാ.

ഓം

ഐസ്പുമാനഴക്കിൽവീണു
ജലമതിൽകഴകിനോക്കി
ജലമതിലഴക്കകണ്ടു
ആവിയായ്ദ്യോവിൽപൊങ്ങീ
ദ്യോവതിലഴക്കകണ്ടു
വായുവാൽവീശിനോക്കീ
അഗ്നിയാൽവെട്ടിനോക്കി
ജലമതായ്നിലത്തുവീണു
കഷ്ടമേ! കഷ്ടം! കഷ്ടം!
ദേവനുമഴക്കത്തുണ്ടോ

ചിൽപ്പുമാനഴക്കപററി
തീർത്ഥത്തിൽകുളിച്ചുനോക്കി
ഹത്യയോമാറുന്നില്ലാ
അഗ്നിയാൽചുട്ടുനോക്കീ
അഗ്നിയോപൂതമല്ലോ
എന്നിട്ടും മാറുന്നില്ല
അഗ്നിയിൽപുകയുണ്ടല്ലോ
വായുവിൽകോർത്തുനോക്കീ
വായുവിൽശക്തികണ്ടു
ശക്തിയുമഴക്കതല്ലോ
ആകാശേകടന്നുനോക്കീ

മുഴക്കത്തിൽമുങ്ങിപ്പോയീ
മുഴക്കവുമഴക്കതല്ലോ
ബോധത്താൽതേച്ചുനോക്കി
ഉപാധിതെളിഞ്ഞുകണ്ടു
ഉപാധിഅഴക്കതല്ലോ
വിശിഷ്ടജ്ഞാനംതേടി
ചിൽപുമാൻകണ്ടതില്ലേ
കഷ്ടമേ! കഷ്ടം! കഷ്ടം!
ആരടോ ബാക്കിനിൽപ്പൂ
ആയതേ! ബ്രഹ്മം! ബ്രഹ്മം!
ആയതേ! നിർവിശേഷം!

○=====○

## ഓം

ബോധമെന്തേ കുഴയുന്നോ?
കഠിനമായീടുമസ്ഥിതന്നുള്ളിൽ
ശക്തിയോടെകടന്നു നീ
അഗ്ന്ദിയായ്അതുചുട്ടു

പൊട്ടിച്ചുകടപടാരവം
ക്രുട്ടിജ്യോതിസ്സായ്നിന്നു നീ
ശക്തിമണ്ഡലമഴകോടേ
കാട്ടിദേഹമാകെപൊടിച്ചില്ലേ

പ്രപഞ്ചമാകെയെരിച്ചില്ലേ
സ്വപ്രകാശമായ് ഞാനാ
മാത്മാവായ്നിന്നില്ലേ
പ്രപഞ്ചമാകവേതകർ
ത്തീടുന്നോരുമഹത്താം
ജ്യോതിസായ്നിന്നില്ലേ

അനുപമമാകുമത്ഭുതം
കാട്ടിആനന്ദാത്മാവായ്
ഉല്ലസിച്ചു നീ നിന്നില്ലേ
ഇങ്ങനുള്ളവനെങ്കിലെങ്ങാനും
ബോധഹത്യഭവിക്കുമോ
ആയതില്ലെന്നുവന്നുകൂടിയാൽ
മൃത്യുവെങ്ങാനും കാണുമോ
ദുഃഖമെങ്ങാനുംനില്ക്കുമോ
ശാന്തിയങ്ങുതിളങ്ങുമേ
ആത്മശാന്തിഅങ്ങുതിളങ്ങുമേ

oooooooooo

—ooo—

ഓം

ശ്രീധര പങ്കജധോരണി
യിൽപൊങ്ങി
വാച്യങ്ങളായി ഭവി
ച്ചൊരീഗീതത്തേ
ഭവത്തെ എരിച്ചീടും
ശ്രീധരപരിദേവന
മിതെന്നോർക്കണം
കാണില്ലമുമ്പിൽ പ്രപഞ്ച
മഞ്ഞൊട്ടുമേ
അഖണ്ഡാകാശം തേ
വൃത്തിയായ്നിന്നീടും
അഖണ്ഡ രസമതിൽ
ആത്മാവുമുഴുകുമേ
ആനന്ദ മാനന്ദ മാനന്ദ മാണഹോ

ആരുമിതിനെ ആദരിച്ചില്ലേലും
ശ്രീധരൻ ശ്രീധരനോട്
ചൊന്നതാം ശ്രീധരഗാഥ
തീർത്തീടും ഭവഭയം

ബ്രഹ്മമേ സർവയറിവാണെന്നീ
എന്നിട്ടങ്ങറിയുമറിവത
ങ്ങാത്മാവുമാണെല്ലോ
രണ്ടിനും തർക്കമിന്നോർക്ക
മില്ലെങ്ങുമേ

ബ്രഹ്മത്തെ അന്യഥാകണ്ടാണ
റിയുന്നതെന്നാകിൽ
ലോകമുണ്ടാകുമേ
ദുഃഖമുണ്ടാകുമേ
ബോധവും ലുപ്തമാം

ആയത്തുകൊണ്ടുനീ ഒന്നായി
നിന്നങ്ങറിയുമറിവാകു
മാത്മാവായ് നിൽക്കുനീ
സുഗന്ധമസൃണമാംകളഭ
മങ്ങതിൽ കല്ലിട്ടുതെറിഞ്ഞാലും
വാസന പരക്കുമേ

നിന്ദയോടെന്നാകിലും
ഒരുനോക്കു വായിച്ചെന്നാൽ
ഉള്ളത്തുകുളിർപ്പിക്കും
അൽപമാദരവുണ്ടേൽ
കണ്ണുകൾനിറഞ്ഞ
ങ്ങമൃതബാഷ്പംതൂകും

ശർക്കരപററിപോയ
കൈയ്യതങ്ങഴക്കായി
കണ്ടുകഴകിയെന്നാകിൽ
പൂർവ്വാധികം ശുദ്ധിയെചെയ്യും
അതിനില്ലൊരു സംശയം

ശർക്കരയെന്നുകണ്ടു
നക്കിയെന്നാകിലോ
മധുരംനുകർന്നങ്ങു
രസിക്കാം കുഞ്ഞുപോലെ

ശിവ ശിവ ഭവ ഭവ ശരണം ശംഭോ
ശ്രീധരകമലേ നൃത്തംചെയ്തൊരു
ശ്രീ ശിവ ശംഭോ ശങ്കര ശിവ! ശിവ!
ജ്യോതിർരൂപവും ഡമരുനാദവും
അറിയിച്ചെന്നാത്മാവായ്
നിലകൊണ്ട ശങ്കരാ
ശങ്കര ശംഭോ ശിവ ശിവശങ്കരാ
ആദിനാഥാ ശങ്കര ശിവ! ശിവ!

—•—○—

''നൈവതസ്യ കൃതേനാർത്ഥോ
നാകൃതേ നേഹ കശ്ചന
നചാസ്യ സർവഭൂതേഷു
കശ്ചിദർത്ഥവ്യപാശ്രയഃ''

**ഓം**

1. ശ്രീഗുരുകരുണാകടാക്ഷമേററുവിലസും
ശ്രീ ശ്രീധരപത്മമേ
സുഗന്ധ നിലയമായ്പരിമളം വീശീട്ട
പരിമളമാത്രമായ്
ഉപാധിവെടിഞ്ഞങ്ങു നിലകൊണ്ടസദ്മമേ
ആത്മാവിൻ വൈശിഷ്ട്യമേ
ബ്രഹ്മത്തിൻശക്തിയതുകാണുവാൻനിലകൊണ്ട
ആത്മാവാംകുസുമമേ

2. ആനന്ദദർശനങ്ങളാവോളം കണ്ടുകണ്ടു
നിത്യമായ് നിലകൊള്ള
മാത്മാവേ അരൂപ നിർമ്മല ചിദാകാശമേ
ശാശ്വതാനന്ദമൂർത്തേ
ബ്രഹ്മവുമാത്മാവതും ഭേദിച്ചുകാണുകയും
ഭേദിക്കാതിരിക്കയും
ആനന്ദമഗ്നനായിനിർമ്മലംവീക്ഷിക്കയും
ചെയ്‌വതുസമാധിതാൻ

3. ഇല്ലില്ലരണ്ടല്ലതെന്നുറപ്പായുറച്ചങ്ങു
ധീരമായിരുന്നീടും
അഖണ്ഡ നിലയത്രേ മോഹനനിലയമാം
സമാധിയറികണം

അന്യനില്ലവിടത്തിൽ ഉപാധിയില്ലായ്കയാൽ
ബോധമെന്നതുപോരാ
'ത്വം'അതു'തത്''അതായിനിലകൊള്ളുംനിലയത്
സമാധിയെന്നോർക്കണം

4. അസി അതുശ്രേഷ്ടമെന്നുചൊല്ലുവാനുള്ളകാര്യ
മതുവാസ്തവമത്രേ
നിലതെററിയസങ്കല്പത്തിൻതെററു മാററുവാൻ
അസിതാൻപ്രകാശിച്ചേ
പററുവെന്നുള്ളതത്വമേവനുമോർത്തിടേണം
ഒന്നുകൂടി ഞാൻചൊല്ലാം
'ത്വം''അതേനിഷേധിപ്പിതില്ലാരുംവിശേഷിച്ചു
'തത്ത്' മങ്ങനെതന്നെ

5. 'അസി'യിലേതർക്കമുള്ളസംശയമവിടാണ്
ശ്രദ്ധിച്ചുകേട്ടാലും നീ
ആയതുകൊണ്ടങ്ങാകുകയത്രേവേണ്ടതുള്ളൂ
ആയതേകരണീയം
'അസി'യെവാഴ്ത്തുന്നതുംഈയിതുകൊണ്ടുതന്നെ
അതുതാൻ ശ്രദ്ധേയവും
പരിണാമംസ്വീകരിച്ചോ വിവർത്തംവരിച്ചോ
'അസി' താൻസാധ്യമാകു

6. ഉത്തമപുമാനെങ്കിൽ സാധ്യംതാനരുളിനാൽ
ആയതുസാധിച്ചില്ലേൽ
സാധ്യമാക്കകവേണം മദ്ധ്യമമാർഗ്ഗങ്ങളാൽ
ജീവിക്കൂ പുരുഷനായ്
എത്രമേൽകഴഞ്ഞാലുംവെടിയൊല്ലേധീരത
ജീവിക്കൂ പുരുഷനായ്

7. ശ്രീഗുരോ പരമാനന്ദം
ആനന്ദമകരന്ദമേ
ഗോപാലഭഗവദ്പാദാ
നമസ്തേ ശ്രീഗോപാലാ
നമസ്തേ ആത്മാ രാമ
നമസ്തേ നമോ നമഃ

**ഓം തത് സത്**

—o oooo oo